## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

## കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ഡി.വൈ.എസ്.പി./ അസി. കമ്മീഷണർ പോസ്റ്റുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1928 1/02/2018-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരളാ പോലീസിൽ നിലവിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എത്ര ഡി. വൈ. എസ്. പി./അസി. കമ്മീഷണർ പോസ്റ്റുകൾ ഉണ്ട്;ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ഡപ്യൂട്ടേഷൻ ഉൾപ്പെടെ എത്ര പേർ ഉണ്ട്;വ്യക്തമാക്കാമോ; | (എ) | കേരളാ പോലീസിൽ നിലവിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ 281 ഡി.വൈ.എസ്.പി./ അസി. കമ്മീഷണർ പോസ്റ്റുകൾ നിലവിൽ ഉണ്ട്. ഡപ്യൂട്ടേഷനിൽ 14 ഡി.വൈ.എസ്.പി.മാർ നിലവിലുണ്ട്. |
| (ബി) | നിലവിൽ എത്ര ഡി.വൈ.എസ്.പി./ അസി. കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥർ കേരളാ പോലീസിൽ ജോലി ചെയ്യുന്നു; വിശദമാക്കാമോ; എത്ര ഡി. വൈ. എസ്. പി. /അസി. കമ്മീഷണർ പോസ്റ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ട്; | (ബി) | കേരളാ പോലീസിൽ നിലവിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ 267 ഡി.വൈ.എസ്.പി/അസി. കമ്മീഷണർമാരുണ്ട്.17 ഒഴിവുകൾ നിലവിലുണ്ട്. |
| (സി) | സി. ഐ. മാരുടെ സംസ്ഥാന തല സീനിയോറിറ്റി ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്ന് പ്രസിദ്ധീകരിച്ചത്; സി. ഐ. മാരെ ഡി. വൈ. എസ്. പി. മാരായി പ്രമോഷൻ നടത്തുന്നതിനും ഒഴിവുള്ള പോസ്റ്റുകൾ നികത്തുന്നതിനും ഏതെങ്കിലും കോടതിയുടെ നിരോധന ഉത്തരവ് നിലവിൽഉണ്ടോ; വിശദമാക്കാമോ; | (സി), (ഡി & (ഇ) | സീനിയോറിറ്റി പുനഃക്രമീകരണത്തിനായി മുൻസർക്കാരിന്റെ കാലത്ത് സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മറ്റി സീനിയോരിറ്റി തർക്കത്തിലുൾപ്പെട്ട എല്ലാ വിഭാഗം ജീവനക്കാരെയും കേൾക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും പരിഷ്കരിച്ച് പുറത്തിറക്കിയ സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (ജനറൽ എക്സിക്യൂട്ടീവ്) ന്റെ സ്റ്റേറ്റ് വൈഡ് കംബൈൻഡ് സീനിയോരിറ്റി ലിസ്റ്റ് നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്വാഭാവിക നീതി ഉറപ്പാക്കി ബന്ധപ്പെട്ടവരെ നേരിൽ കേട്ടശേഷം തീരുമാനമെടുക്കണമെന്നും ബഹു.ട്രൈബ്യൂണൽ വിധി ന്യായം പുറപ്പെടുവിക്കുകയുണ്ടായി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/8/2017- |
| (ഡി) | ഡി.വൈ.എസ്.പി./അസി. കമ്മീഷണർ പോസ്റ്റിലേക്ക് അവസാനമായി പ്രമോഷൻ നൽകിയത് എന്നാണ്; അതിനു ശേഷം ഉണ്ടായ വേക്കൻസികളിൽ എന്തുകൊണ്ടാണ് പ്രമോഷൻ നൽകാത്തത്; | | |

| | | | |
|---|---|---|---|
| (ഇ) | സി. ഐ. മാരെ ഡി. വൈ. എസ്. പി. ആയി പ്രമോട്ട് ചെയ്യുന്നതിന് ഡി. പി. സി. കൂടി തയ്യാറാക്കിയ ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഡി. പി. സി. കൂടാത്തത് എന്തുകൊണ്ട്; ഡി. പി. സി. കൂടുന്നതിനെതിരെ എതെങ്കിലും കോടതി ഉത്തരവുകൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | | ലെ ഒ.എ.നം.2356/2016 ഉത്തരവിനെത്തുടർന്ന് ഡി.വൈ.എസ്.പി തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റും സീനിയോറിറ്റി ലിസ്റ്റും അസ്ഥിരപ്പെട്ടിട്ടുള്ളതാണ് പ്രമോഷൻ നടത്തുന്നതിനുള്ള തടസ്സമായിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 21/7/2017 തീയതിയിലെ സർക്കാർ ഉത്തരവ് [G.O (Rt.) No.1873/ 2017/Home] പ്രകാരം ഡി.വൈ.എസ്.പി. തസ്തികയിലേക്ക് താൽക്കാലിക പ്രമോഷൻ നൽകിയിട്ടുള്ളതാണ്.<br>മേൽ പരാമർശിച്ച കാരണങ്ങളാൽ സി. ഐ. മാരെ ഡി. വൈ. എസ്. പി. ആയി പ്രമോട്ട് ചെയ്യുന്നതിനുള്ള ഡി.പി.സി കൂടിയിട്ടില്ല. ഇക്കാര്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് രൂപപ്പെടുത്തിയതിനുശേഷം മാത്രമേ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ സാധ്യമാകുകയുള്ളൂ. |
| (എഫ്) | നിലവിലുള്ളതും ഒഴിവുവരുന്നതുമായ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നിയമ തടസ്സമില്ലെന്ന ഒ.എ. 671/15-ാം നമ്പർ കേസ്സിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിധിയുടെ അടിസ്ഥാനത്തിൽ സി. ഐ. മാരിൽ നിന്നും അർഹതപ്പെട്ടവരെ ഡി. വൈ. എസ്. പി.മാരായി പ്രൊമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ഒ.എ. 671/15-ാം നമ്പർ കേസ്സിലെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ